## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 3322** **23.06.2014–ൽ മറുപടിയ്ക്ക്**

## കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ

| ചോദ്യം<br>ശ്രീ. പി.ബി.അബ്ദുൾ റസാക്ക് | | മറുപടി<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ, താലൂക്ക് ജില്ലാ ആസ്ഥാനങ്ങൾ, ഡംപിങ്ങ് യാർഡുകൾ തുടങ്ങിയ കേന്ദ്രങ്ങളിൽ വിവിധ കാരണങ്ങളാൽ പിടികൂടി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ കണക്കുകൾ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | ആകെ 21,741 വാഹനങ്ങൾ വിവിധ കാരണങ്ങളാൽ പിടികൂടി സൂക്ഷിച്ചിട്ടുണ്ട്. |
| (ബി) | കണ്ണായ സ്ഥലങ്ങളിൽ സ്ഥലം മുടക്കികളായി പഴകിദ്രവിച്ച് കിടക്കുന്ന ഇത്തരം വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; | (ബി) | നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | വർഷങ്ങൾ പഴക്കം ചെന്ന് കോടികൾ വില മതിക്കുന്ന ഇത്തരം വാഹനങ്ങൾ നശിക്കുന്നതും, വാഹനങ്ങൾ കിടക്കുന്ന പല സ്ഥലങ്ങളും വന്യജീവികളുടെയും ഇഴജന്തുക്കളുടെയും സാമൂഹ്യദ്രോഹികളുടെയും വിഹാര കേന്ദ്രമായി മാറുന്നതും സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ; | (സി) & (ഡി) | വർഷങ്ങൾ പഴക്കം ചെന്ന വാഹനങ്ങൾ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20.12.2010 ലെ GO(Rt) No.3792/10/Home പ്രകാരം വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോടതിയുടെ പരിഗണനയിലുള്ള വാഹനങ്ങൾ കോടതി നടപടിക്കു വിധേയമായി മാത്രമേ വിട്ടു നൽകാൻ കഴിയുകയുള്ളു. |
| (ഡി) | ഭാവിയിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ പിഴ ഈടാക്കിവിട്ട് നൽകുന്നതിനെ കുറിച്ച് ആലോചിക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | വർഷങ്ങൾ പഴക്കമുള്ള തുരുമ്പെടുത്ത വാഹനങ്ങൾ കണ്ടം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | അതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**